മടവൂർ പഞ്ചായത്തിലെ കരട് വോട്ടേഴ്സ് ലിസ്റ്റ് തട്ടിയെടുത്തതായുള്ള പരാതി

1295. [1762] ശ്രീമതി ഗൗരിഭായി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ ഒരു പഞ്ചായത്ത് മെമ്പറും പ്രസ്തുത മെമ്പറുടെ സഹോദരനും ചേർന്ന് മാർച്ച് മാസം 11-ാം തീയതി പഞ്ചായത്ത് ബിൽ കളക്ടറുടെ പക്കൽ നിന്നും കരടു വോട്ടേഴ്സ് ലിസ്റ്റ് തട്ടിയെടുത്തു കൊണ്ടുപോയത് സംബന്ധിച്ചുള്ള ഒരു പരാതി ഗവൺമെന്റിന് ലഭിച്ചിരുന്നോ ;

(ബി) പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) പ്രസ്തുത പരാതിയിൻമേൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ആഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയം മെഡിക്കൽകോളേജ് സ്ഥിതിചെയ്യുന്ന പഞ്ചായത്തുകൾ

1296. [1763] ശ്രീ. ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജ് പ്രദേശം ഇപ്പോൾ മൂന്നു പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്നതുകൊണ്ടുള്ള ഭരണപരമായ അസൗകര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോട്ടയം മെഡിക്കൽകോളേജ് പ്രദേശം ഒരു പഞ്ചായത്തിന്റെ കീഴിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുവരുന്നതാണ്.

മുട്ടത്തറ പൊന്നറനഗർ കോളനിയിലെ വീടുകൾ

1297. [1764] ശ്രീ. പി. എ. മുഹമ്മദ് കണ്ണ് : താഴെകാണുണ ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ അധീനതയിലുള്ള മുട്ടത്തറ, പൊന്നറ നഗർ കോളനിയിൽ എത്ര വീടുകൾ ഉണ്ട് ;

(ബി) മേല്പറഞ്ഞ വീടുകൾ എന്തു മാനദണ്ഡത്തിലാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത് ;

(സി) മേൽപറഞ്ഞ വീടുകളിൽ കോർപ്പറേഷൻ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള വീടുകൾ എത്ര ;

(ഡി) കോർപ്പറേഷനിൽനിന്നും വീടുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളവർ പ്രസ്തുത വീടുകൾ മറ്റാളുകൾക്ക് കൈമാറ്റം ചെയ്തതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly